# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3625 10.4.2013-ൽ മറുപടിയ്ക്ക്**

**ആട് ഫാം**

**ചോദ്യം**

ശ്രീ. പി. ഉബൈദുള്ള
,, പി. ബി. അബ്ദുൾ റസാക്
,, കെ. എം. ഷാജി
,, പി. കെ. ബഷീർ

**ഉത്തരം**

ശ്രീ.കെ.പി.മോഹനൻ
(കൃഷിയും,മൃഗസംരക്ഷണവും
അച്ചടിയും,സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

എ) സംസ്ഥാനത്ത് ആട്ടുവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കുമോ;

എ) 2012-13 സാമ്പത്തിക വർഷത്തിൽ ആട്ടുവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനു വിവിധ ജില്ലകളിലായി 400 സാറ്റലൈറ്റ് യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട് കർഷകർ നിലവിൽ നടത്തികൊണ്ടിരിക്കുന്ന ചെറിയ പ്രജനന യൂണിറ്റുകളെ സഹായിക്കാനാണ് ഇത് ലക്ഷ്യമാക്കുന്നത്. ഈ പദ്ധതി പ്രകാരം തൽപരരായ കർഷകർക്ക് മലബാറി ഇനത്തിലുള്ള 5 പെണ്ണാടുകളെ 50% സബ്സിഡിയോടുകൂടി നൽകുന്നു. ഒരു യൂണിറ്റിനുള്ള സഹായം 15000/- രൂപ എന്ന നിരക്കിൽ 400 യൂണിറ്റുകൾ തുടങ്ങിയിട്ടുണ്ട്. 60 ലക്ഷം രൂപ ചെലവിൽ നടപ്പിലാക്കിയ പദ്ധതിയുടെ ജില്ലാതല വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | ജില്ല | യൂണിറ്റിന്റെ എണ്ണം | തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1 | കാസർഗോഡ് | 25 | 3.75 |
| 2 | കണ്ണൂർ | 60 | 9.0 |
| 3 | വയനാട് | 25 | 3.75 |
| 4 | കോഴിക്കോട് | 50 | 7.5 |
| 5 | മലപ്പുറം | 60 | 9.0 |
| 6 | പാലക്കാട് | 60 | 9.0 |
| 7 | കൊല്ലം | 60 | 9.0 |
| 8 | തിരുവനന്തപുരം | 60 | 9.0 |
| | ആകെ | 400 | 60.00 |

സംസ്ഥാനത്ത് ആട് വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ആട് വികസന കോർപ്പറേഷൻ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

കെ.എൽ.ഡി.ബോർഡിന്റെ ധോണിയിലുള്ള പരിശീലന കേന്ദ്രത്തിൽ മൃഗസംരക്ഷണ മേഖലയിലെ ഉദ്യോഗസ്ഥർക്കും, കർഷകർക്കും ശാസ്ത്രീയമായ രീതിയിൽ ആടുവളർത്തലിനെക്കുറിച്ചുള്ള ക്ലാസുകൾ നടത്തുന്നുണ്ട്. മൃഗസംരക്ഷണ മേഖലയിലെ ഉദ്യോഗസ്ഥർക്കും, ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർക്കും ആടുകളിൽ കൃത്രിമ ബീജദാനം നടത്തുന്നതിനാവശ്യമായ പരിശീലനവും നൽകിവരുന്നു.

സംസ്ഥാനത്തെ കൃത്രിമ ബീജദാന കേന്ദ്രങ്ങൾ വഴി കെ.എൽ.ഡി.ബോർഡിന്റെ ധോണി ഗോട്ട് സെമൻ ബാങ്കിൽ ഉൽപാദിപ്പിക്കുന്ന മലബാറി മുട്ടനാടുകളുടെ ഗാഢശീതീകരിച്ച ബീജം ലഭ്യമാക്കി വരുന്നു.

ബി) പാലിനും മാംസത്തിനും ഉപയുക്തമായ ഇനങ്ങളുടെ വ്യാപനത്തിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

ബി) 1.മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല, പാലക്കാട് ജില്ലയിലെ അട്ടപ്പാടി കണ്ണൂർ ജില്ലയിലെ കൊമേരി എന്നീ ഫാമുകൾ വഴി കേരളത്തിലെ വംശനാശം നേരിട്ടു കൊണ്ടിരിക്കുന്ന തനത് ഇനങ്ങളായ മലബാറി, അട്ടപ്പാടി ബ്ലാക്ക് എന്നീ ജനുസുകളെ വളർത്തി ഗുണമേൻമയുള്ള ആട്ടിൻകുട്ടികളെ ഉല്പാദിപ്പിച്ച് മാംസത്തിനും, പ്രജനനത്തിനുമായി കർഷകർക്ക് മിതമായ നിരക്കിൽ വിതരണം ചെയ്തു വരുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം പ്രസ്തുത ഫാമുകളുടെ വികസനത്തിനും ശക്തിപ്പെടുത്തലിനുമായി 30 ലക്ഷം രൂപ വകയിരുത്തുകയും, ആയതിന്റെ പ്രവർത്തനങ്ങൾ നടപ്പിലാക്കി കൊണ്ടിരിക്കുകയും ചെയ്യുന്നു.

2.സംസ്ഥാനത്ത് നടപ്പിലാക്കിയ 400 സാറ്റലൈറ്റ് യൂണിറ്റുകൾ.

3.കേരളത്തിന്റെ മികച്ച ജനുസായ മലബാറി ആടുകളുടെ സംരക്ഷണത്തിനായി കെ.എൽ.ഡി.ബോർഡ് ധോണിയിൽ ആട് ഫാം പ്രവർത്തിപ്പിച്ചുവരുന്നു. ഈ ജനുസിന്റെ പ്രജനന മേഖലയായ തലശ്ശേരി, വടകര എന്നീ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് ഫീൽഡ്

പെർഫോർമൻസ് റെക്കോർഡിംഗ് നടത്തി മികച്ച ആടുകളെ കണ്ടെത്തി ധോണി ഫാമിൽ സംരക്ഷിച്ചുവരുന്നു.

4.തെരഞ്ഞെടുക്കപ്പെട്ട മികച്ച മുട്ടനാടുകളിൽ നിന്നും ബീജം ശേഖരിച്ച് ഗാഢശീതീകരിച്ച് സംസ്ഥാനത്തെ ബീജദാന കേന്ദ്രങ്ങളിൽ ലഭ്യമാക്കുന്നു. ഇതുവഴി മലബാറി ആടുകളുടെ വംശവർദ്ധനവ് ഉറപ്പാക്കുന്നു.

| | | | |
|---|---|---|---|
| സി) | നല്ലയിനം ആട്ടിൻകുട്ടികളെ കുറഞ്ഞവിലയ്ക്ക് നാമമാത്ര-ചെറുകിട കർഷകർക്ക ലഭ്യമാക്കാൻ എന്തെല്ലാം സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; | സി) | 1.സംസ്ഥാനത്ത് വിവിധ ജില്ലകളിൽ വകുപ്പിന്റെ സഹായത്തോടെ സ്ഥാപിച്ചിട്ടുള്ള സാറ്റലൈറ്റ് യൂണിറ്റുകളിൽ നിന്നും നല്ലയിനം ആട്ടിൻകുട്ടികളെ കുറഞ്ഞ വിലയ്ക്ക് ചെറുകിട കർഷകർക്ക് ലഭ്യമാക്കാനുള്ള നിർദ്ദേശം നൽ കിയിട്ടുണ്ട്.<br>2.കേരളത്തിന്റെ മികച്ച ജനുസായ മലബാറി ആടുകളെ ധോണി ഫാമിൽ സംരക്ഷിക്കുകയും, അധികമുള്ള ആടുകളെ കർഷകർക്ക് പ്രജനന ആവശ്യത്തിനായി വിതരണം ചെയ്യുകയും ചെയ്യുന്നു. |
| ഡി) | ആട് ഫാം തുടങ്ങുന്നതിന് എന്തെല്ലാം സഹായങ്ങൾ ലഭ്യമാണെന്ന വ്യക്തമാക്കുമോ? | ഡി) | 1.സംരംഭകർക്ക് ഫാം തുടങ്ങുന്നതിനാവശ്യമായ പ്രോജക്ട് റിപ്പോർട്ടുകൾ നൽ കാറുണ്ട്.<br>2.കെ.എൽ.ഡി.ബോർഡിനെ സമീപിക്കുന്ന കർഷകർക്ക് ആട് ഫാം തുടങ്ങുന്നതിനുള്ള സാങ്കേതിക സഹായം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ